മിസ്റ്റർ പി. ഗോവിന്ദമേനോൻ: നടപടി എടുത്തു. പഞ്ചായത്തിനോട് അഭിപ്രായം ചോദിച്ചു. പഞ്ചായത്തുകാർ അതു മാറ്റാൻ സമ്മതിച്ചു.

മിസ്റ്റർ പി. കെ. പോൾ: റേഡിയോ കേട്ടവന്നു പ്രവർത്തിക്കാതിരിക്കുന്ന കാലത്തു് ഓപ്പറേറ്റർക്കു് ശമ്പളമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കേട്ടവരുമ്പോൾ ശമ്പളമൊന്നും നിൽക്കാറില്ല.

PRIVATE BANKS STARTED DURING WAR TIME—PARTICULARS OF

113. (146) **Mr. K. W. Muralidhara Marar** *(Trippunittura)*: Will Government be pleased to state.—

(*a*) whether they are aware of the fact that innumerable private banks have sprung up in our State during the war period;

(*b*) whether it has come to the notice of the Government that many of them have failed causing ruin to many people;

(*c*) whether the Government has taken any steps to regulate their activities?

Mr. K. Ayyappan *(Minister for Works and Revenue)*:

(*a*) Yes.

(*b*) Yes.

(*c*) The matter is under consideration of Government.

മിസ്റ്റർ കെ. ഡബ്ലു. മുരളീധരമാരാർ: എത്ര ബാങ്കുകൾ ഇങ്ങനെ പൊളിഞ്ഞിട്ടുണ്ടെന്നു് സർക്കാരിനേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: എത്ര ബാങ്കുകൾ പൊളിഞ്ഞിട്ടുണ്ടെന്നന്വേഷിച്ചിട്ടില്ല. ചില ബാങ്കുകൾ പൊളിഞ്ഞതായി അറിയാം.

മിസ്റ്റർ കെ. ഡബ്ലു. മുരളീധരമാരാർ: ഇതിനെ സംബന്ധിച്ചു് വല്ല നിയമവും ഉണ്ടാക്കാൻ ആലോചനയുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആലോചനയുണ്ടു്.

SUITABILITY OF ERIYAD, AZHICODE, ETC., FOR COIR INDUSTRY

114. (111) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സർക്കാരിന്റെ സദയം മറുപടി പറയുമോ.—

(എ) തൊഴിലില്ലായ്മയും പട്ടിണിയും ഉപയോഗിച്ചുവരുന്ന വില്ലേജുകളാണു് അഴീക്കോടു്, എറിയാടു്, എടവിലങ്ങു് എന്നു സർക്കാരിനു് അറിയാമോ;

(ബി) പ്രസ്തുത വില്ലേജുകൾ കയർവ്യവസായത്തിനു പറ്റിയ കേന്ദ്രമാണെന്നു് ഗവർമ്മെണ്ടിനു നിശ്ചയമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അറിവില്ല.

(ബി) തെങ്ങിൻകൃഷി ധാരാളമുള്ളതുകൊണ്ടും ജലമാർഗമായുള്ള ഗതാഗതത്തിനു് ധാരാളം സൌകര്യങ്ങൾ ഉള്ളതുകൊണ്ടും ഈ പ്രദേശങ്ങളിൽ കയർവ്യവസായം നടത്താവുന്നതാണു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: കയർ വ്യവസായം നടത്താവുന്നതാണെന്നു് ഗവർമ്മെണ്ടു് പറഞ്ഞു. ഇന്നു് ഏതെങ്കിലും ഒരു വില്ലേജിൽ ഈ വ്യവസായം ഉടനെ ആരംഭിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ പറഞ്ഞ വില്ലേജുകളിൽ ഏതിലെങ്കിലും കയർ വ്യവസായം ഉടനെ തുടങ്ങാമോ എന്നു് ചോദിച്ചാൽ ഉടനെ തുടങ്ങാമെന്നു് ഉറപ്പു പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ എം. ഐ. പോൾ: ചകിരിവ്യവസായം കോവാപ്പറേറ്റീവു് സൊസൈറ്റി വഴി തുടങ്ങാൻ ഗവർമ്മെണ്ടു് പ്രപ്പോസലിലില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: അഴീക്കോട്ടു് കോവാപ്പറേറ്റീവു് സൊസൈറ്റിയുണ്ടു്. അതിന്റെ കീഴിൽ കയർ വ്യവസായം തുടങ്ങുകയാണെങ്കിൽ അതിനു് വേണ്ട ധനസഹായം ചെയ്യാമോ?

LIBRARY ARCHIVES Kerala Legislative Assembly